7511/എം/2017/കെഎസ്എച്ച്ഒ 21.08.2018

**കുടുംബശ്രീസംസ്ഥാന മിഷൻ ജേർണലിസ്റ്റ്ഇന്റേൺഷിപ്പ് പ്രോഗ്രാം അപേക്ഷ ക്ഷണിച്ചു.**

സംസ്ഥാന കുടുംബശ്രീ മിഷൻ 14 ജില്ലകളിലേക്കും 6 മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിക്കുന്നു. 2017–18–ൽ ജേർണലിസം ബിരുദം/ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയവരായിരിക്കണം അപേക്ഷകർ. സംസ്ഥാന സർക്കാർ അധീനതയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസ്ക്ലബ് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ, യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീസ്ഥാപനങ്ങളിൽ നിന്നും ബിരുദം/ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രതിമാസ സ്റ്റൈഫന്റ് 10,000/– രൂപയും 5000/– രൂപ പരമാവധി റ്റി.എയും ലഭിക്കുന്നതാണ്. വയസ് 18–നും 30–നും മദ്ധ്യേ. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ട്രെയിനിംഗിനു ശേഷം ജില്ലകളിലായിരിക്കും നിയമനം. അപേക്ഷകൾ careersprkshree@gmail.com എന്ന ഇ–മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് www.kudumbashree.org സന്ദർശിക്കുക. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

- 2017–18 വർഷത്തിൽ കുടുംബശ്രീ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുത്തവർ അപേക്ഷിക്കേതില്ല.
- ഉയർന്ന പ്രായപരിധി 30 (01 സെപ്റ്റംബർ 2018).
- സെപ്റ്റംബർ 24–ന് തിരുവനന്തപുരത്തു വച്ച് എഴുത്തുപരീക്ഷ നടത്തും. എഴുത്തു പരീക്ഷയ്ക്കായി പ്രത്യേകം അറിയിപ്പ് നൽകുന്നതല്ല. അപേക്ഷകരുടെ പേരും, അഡ്രസും എഴുത്തു പരീക്ഷയ്ക്കുള്ള സെന്റർ സംബന്ധിച്ച വിവരങ്ങളും കുടുംബശ്രീ വെബ്സൈറ്റിൽ 19.09.2018–ന് പ്രസിദ്ധീകരിക്കും.
- പരീക്ഷയ്ക്കെത്തുമ്പോൾ അപേക്ഷകർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസലും കോപ്പിയും ഹാജരാക്കേതാണ്.
- തെരഞ്ഞെടുപ്പ് രീതിയെക്കുറിച്ച് വിശദമാക്കുന്ന മറ്റൊരുവിധത്തിലുള്ള ആശയവിനിമയവും ഉണ്ടായിരിക്കുന്നതല്ല.
- എഴുത്തുപരീക്ഷയുടെയും അതിനുശേഷം നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. തെരഞ്ഞെടുത്തവർക്ക് ഒക്ടോബർ മുതൽ ഇന്റേൺഷിപ് തുടങ്ങുന്നതാണ്. ടി തീയതി ഇന്റേൺഷിപ്പിന് ഹാജരാകാത്തവരെ പരിഗണിക്കുന്നതല്ല.
- അഭിമുഖ സമയത്ത് സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ അസൽ ഹാജരാക്കേണ്ടതാണ്.
- ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ കാലാവധി 6 മാസമായിരിക്കും. (1.10.2018 – 31.03.2019)
- അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 22.09.2018.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**